**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**അഡീഷണൽ ഡയറക്ടറുടെ(എ&റ്റി) നടപടിക്രമം**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിൽ നിന്നും പി എസ്.സി. അഡൈ്വസ് ലഭിച്ച് പാലക്കാട്/ മലപ്പുറം/എറണാകുളം ജില്ലകളിൽ നിയമനം നൽകിയ ജെ.എച്ച്.ഐ.ഗ്രേഡ്-2 ജീവനക്കാരെ തൃശ്ശൂർ ജില്ലയിലേയ്ക്ക് മാറ്റി നിയമിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉത്തരവ് നം.ഇജി3-14410/2013/ആ.വ.ഡ. തീയതി.27/12/2014.

2. ഉത്തരവ് നം.ഇജി2-40/2016/ആ.വ.ഡ തീയതി.15/12/2018, 25/01/2019.

3. സർക്കാർ കത്ത് നം.സി2/58/2019/ഹെൽത്ത് തീയതി.06/03/2019.

4. എറണാകുളം, പാലക്കാട്, മലപ്പുറം ജില്ലകളിലെ പി.എസ്.സി. ഉദ്യോഗാർത്ഥികൾ സമർപ്പിച്ച നിവേദനം.

**ഉത്തരവ് നം.ഇജി 3-103172/2018/ആ.വ.ഡ. തീയതി:28/05/2019**

തൃശ്ശൂർ ജില്ലാ പി.എസ്.സി.യിൽ നിന്നും നിയമന ശുപാർശ ലഭിച്ച ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ഉദ്യോഗാർത്ഥികളെ തൃശ്ശൂർ ജില്ലയിൽ ജൂനിയര് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ ഒഴിവ് ഇല്ലാതിരുന്ന സാഹചര്യത്തിൽ ജില്ലയിൽ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് നിയമന ശുപാർശയുടെ സീനിയോരിറ്റി നഷ്ടപ്പെടാതെ തൃശ്ശൂർ ജില്ലയിലേയ്ക്ക് മാറ്റി നിയമനം നൽകുന്നതാണ് എന്ന വ്യവസ്ഥയിന്മേൽ മേൽപരാമർശം(1)പ്രകാരം എറണാകുളം/പാലക്കാട്/മലപ്പുറം ജില്ലകളിൽ നിയമനം നൽകി ഉത്തരവായിരുന്നു.

മേൽ പരാമർശം(2)-ലെ ഉത്തരവ് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ നിന്നും ഗ്രേഡ്-1 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചപ്പോൾ ഉണ്ടായിട്ടുള്ള 33 ഗ്രേഡ്-2 ഒഴിവുകളിൽ 16 എണ്ണം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും, 16 ഒഴിവുകൾ ഗ്രേഡ്-1 ഗ്രേഡ്-2 അനുപാതം ക്രമീകരിക്കുന്നതിനും, 1 ഒഴിവ് അന്തർജില്ലാസ്ഥലംമാറ്റം അനുവദിക്കുന്നതിനും മാറ്റി വച്ചിരുന്നു. പരാമർശം(1) പ്രകാരം നിയമിച്ച ജീവനക്കാരെ തൃശ്ശൂർ ജില്ലയിലേയ്ക്ക് മാറ്റി നിയമിക്കണം എന്ന് ആവശ്യപ്പെട്ട് പരാമർശം(4)പ്രകാരം എറണാകുളം, പാലക്കാട്, മലപ്പുറം ജില്ലകളിലെ ഉദ്യോഗാർത്ഥികൾ നിവേദനം സമർപ്പിച്ചിരിക്കുന്നു. പരാമർശം(2) പ്രകാരം അനുപാതം ക്രമീകരണത്തിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ള ഒഴിവുകളിൽ ടി ജീവനക്കാരെ നിയമിക്കുന്നതിനും, പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ മാറ്റിവച്ചിരിക്കുന്ന ഒഴിവുകൾ അടിയന്തിരമായി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പരാമർശം(3)പ്രകാരം സർക്കാരിൽ നിന്നും അനുമതി ലഭിച്ചിരിക്കുന്നു.

107394 GOVERNMENT OF KERALA

ഈ സാഹചര്യത്തിൽ താഴെപറയുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ജീവനക്കാരെ പരാമർശം(2) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തൃശ്ശൂർ ജില്ലയിലെക്ക് പുന:നിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേരും നിലവില് ജോലി ചെയ്യുന്ന സ്ഥാപനവും | പുന:നിയമനം നൽകുന്ന ജില്ല |
|---|---|---|
| 1 | ശ്രീ.ജയൻ ഒ<br>പ്രാഥമികാരോഗ്യകേന്ദ്രം,<br>ഇരുമ്പിലിയ, മലപ്പുറം | തൃശ്ശൂർ |
| 2 | ശ്രീ.പ്രവീൺ കുമാർ ബി<br>പ്രാഥമികാരോഗ്യകേന്ദ്രം,<br>ഷോളയൂർ, പാലക്കാട് | തൃശ്ശൂർ |
| 3 | ശ്രീ.വർഗ്ഗീസ് കുട്ടി കെ എ<br>പ്രാഥമികാരോഗ്യകേന്ദ്രം,<br>പോത്തുകൽ, മലപ്പുറം | തൃശ്ശൂർ |
| 4 | ശ്രീമതി.സന്ധ്യ ബി എസ്<br>പ്രാഥമികാരോഗ്യകേന്ദ്രം,<br>കാഞ്ഞൂർ, എറണാകുളം | തൃശ്ശൂർ |
| 5 | ശ്രീമതി.പുഷ്പവല്ലി പി<br>പ്രാഥമികാരോഗ്യകേന്ദ്രം,<br>തച്ചനാട്ടുകര, പാലക്കാട് | തൃശ്ശൂർ |
| 6 | ശ്രീമതി.അനിത പി<br>പ്രാഥമികാരോഗ്യകേന്ദ്രം,<br>അലനല്ലൂർ, പാലക്കാട് | തൃശ്ശൂർ |
| 7 | ശ്രീമതി.മദീന എം.എം<br>പ്രാഥമികാരോഗ്യകേന്ദ്രം,<br>വളാഞ്ചേരി മലപ്പുറം | തൃശ്ശൂർ |
| 8 | ശ്രീമതി.അനു കെ എസ്<br>പ്രാഥമികാരോഗ്യകേന്ദ്രം,<br>നല്ലിപ്പള്ളി, പാലക്കാട് | തൃശ്ശൂർ |
| 9 | ശ്രീമതി.സൌമ്യ എം വി<br>പ്രാഥമികാരോഗ്യകേന്ദ്രം,<br>കണ്ണമ്പ്ര, പാലക്കാട് | തൃശ്ശൂർ |

തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ മേൽപറഞ്ഞിരിക്കുന്ന ജീവനക്കാർക്ക് ആവശ്യമായ നിയമന ഉത്തരവ് നൽകേണ്ടതും വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതും, പരാമർശം(1)ലെ വ്യവസ്ഥകൾക്ക് വിധേയമായി അഡ്വൈസ് സീനിയോരിറ്റി നഷ്ടമാകാതെ ടി ജീവനക്കാരുടെ സേവനം ക്രമീകരിക്കുന്നതിനും പരിവീക്ഷാകാലം പൂർത്തീകരിച്ച് ഉത്തരവ് നൽകുന്നതിനും തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും, ജോലിയിൽ പ്രവേശിക്കുന്നതിനും ഔദ്യോഗികരേഖയായി ബന്ധപ്പെട്ട ജീവനക്കാർക്ക് ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)
ഡോ. സെമീറ എ
അഡീഷണൽ ഡയറക്ടർ(എ&റ്റി)

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ
(മേലധികാരി മുഖാന്തിരം).

പകർപ്പ്

1. ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം) തൃശ്ശൂർ, എറണാകുളം, പാലക്കാട്.
2. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
3. വെബ് സൈറ്റ്.
4. ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Nb 30/5/19

1073941 GOVERNMENT OF KERALA